പൂർണ്ണ കാമാവപി യുവാം നരനാരായണാവൃഷീ
ധർമ്മമാചരതാം സ്ഥിത്യൈ ഋഷഭൌ ലോകസംഗ്രഹം (10–89–60)
ഇത്യാദിഷ്ടൌ ഭഗവതാ തൌ കൃഷ്ണൌ പരമേഷ്ഠിനാ
ഓമിത്യാനമ്യ ഭൂമാനമാദായ ദ്വിജദാരകാൻ (10–89–61)
ന്യവർത്തതാം സ്വകം ധാമ സംപ്രഹൃഷ്ടൌ യഥാഗതം
വിപ്രായ ദദതു: പുത്രാൻ യഥാരൂപം യഥാവയ: (10–89–62)

*ശുകമുനി തുടർന്നു:*
ദ്വാരകയിൽ ഒരു ബ്രാഹ്മണപത്നി പല ചാപിള്ളകളെയും പ്രസവിച്ചു. അതിനാൽ ബ്രാഹ്മണൻ ഹൃദയവ്യഥിതനായിരുന്നു. ഒരു നാൾ കൃഷ്ണനും അർജുനനും ഇരിക്കുന്ന കൊട്ടാരത്തിൽ ഒരു ശിശുവിൻെറ ജഢവുമായി അദ്ദേഹം എത്തി. എന്നിട്ടിങ്ങിനെ ഉറക്കെ വിലപിച്ചു. “തീർച്ചയായും നമ്മുടെ രാജാവ് അധാർമ്മികനായിരിക്കണം. കാരണം അയാളുടെ പാപങ്ങളുടെ ഫലമായാണ് ശിശുമരണങ്ങൾ സംഭവിക്കുന്നത്.” അർജുനന് ബ്രാഹ്മണൻെറ കുറ്റപ്പെടുത്തൽ കേട്ട് വാശിയായി. അയാൾ പറഞ്ഞു. “ദ്വാരകയിൽ ഈ നല്ല മനുഷ്യൻെറ കുട്ടികളെ സംരക്ഷിക്കാൻ കഴിവുള്ള വില്ലാളികൾ ആരുംതന്നെ യില്ലെന്നോ? തിർച്ചയായും ഒരു രാജാവ് തൻെറ രാജ്യത്ത് ഒരു ബ്രാഹ്മണന് ദുരിതമനുഭവിക്കാനിടവരുത്തു കയാണെങ്കിൽ അയാൾ വെറുമൊരു കൂലിപ്പടയാളിക്ക് തുല്യം. അയാൾ രാജാവല്ല തന്നെ. അല്ലയോ ബ്രാഹ്മണാ, ഞാൻ സ്വയം നിങ്ങളുടെ അടുത്ത കുട്ടിയെ സംരക്ഷിക്കുന്നതാണ്. പേടി വേണ്ട.” എന്നാൽ ബ്രാഹ്മണന് അർജുനൻെറ കഴിവിൽ സംശയമുണ്ടായിരുന്നു.

ബ്രാഹ്മണപത്നിക്ക് വീണ്ടും പ്രസവമടുത്തപ്പോൾ ബ്രാഹ്മണൻ അർജുനനെ സമീപിച്ച് സംരക്ഷണം തേടി. അർജുനൻ ബ്രാഹ്മണഗൃഹത്തിലേക്ക് പോയി അതിനു ചുറ്റും പലേവിധത്തിലുള്ള ശക്തിയേറിയ ശരങ്ങൾ കൊണ്ട് ഒരു കോട്ട തീർത്തു. ആരാലും തകർക്കാനാവാത്ത പ്രതിരോധം വീട്ടിനുചുറ്റുമുണ്ടാക്കി. ശിശു ജനിച്ചു. കുറച്ചു കരഞ്ഞു. എന്നിട്ട് ശരീരത്തോടെ അപ്രത്യക്ഷമായി. ദു:ഖാകുലനായ ബ്രാഹ്മണൻ വിലപിച്ചു. “ഞാനൊരു വിഡ്ഢി. ഈ ആണും പെണ്ണുമല്ലാത്തവൻെറ വാക്കും വിശ്വസിച്ച് കഴിഞ്ഞുവല്ലോ.” അർജുനൻ കോപിഷ്ടനായി. ശിശുവിനെ താൻ തിരികെ കൊണ്ടുവരും അല്ലെങ്കിൽ ആത്മഹത്യ. അതായിരുന്നു അർജുനൻെറ തിരുമാനം.

അർജുനൻ യമലോകത്തു ചെന്നു. ശിശുവിനെ അവിടെ കണ്ടില്ല. സ്വർഗ്ഗത്തിലും പാതാളത്തിലും പോയെങ്കിലും ശിശുവിനെ കണ്ടില്ല. അർജുനൻ ദേഹത്യാഗം ചെയ്യാൻ ചിതയൊരുക്കി. കൃഷ്ണൻ അർജുനനെ തടഞ്ഞു. ബ്രാഹ്മണൻെറ കുട്ടികളെ കാണിച്ചു കൊടുക്കാമെന്ന് വാഗ്ദാനവും നൽകി. എന്നിട്ട് അർജുനനേയും കൂട്ടി യാത്രയായി. അവർ പല സൗരയൂഥങ്ങളും മണ്ഡലങ്ങളും കടന്നുപോയി. അവർ, അവക്കെല്ലാമപ്പുറത്തുള്ള ലോകാലോകപർവ്വതങ്ങളും കടന്നു. കൃഷ്ണൻെറ പ്രഭാപൂരമായ സ്വപ്രകാശത്തിൽ അതീവ തമസ്സിലൂടെ അവർ യാത്ര തുടർന്നു. ഭഗവാൻെറ പരിപൂർണ്ണാവബോധം തന്നെ ഈ പ്രഭ. അവർ ഇരുട്ടിൻെറ അങ്ങേ അറ്റത്തെത്തി. അതിനപ്പുറം പരമപ്രകാശം. അതിനുമപ്പുറം ജലമണ്ഡലം. അവിടെ ആയിരം ഫണങ്ങളുള്ള സർപ്പത്തിൻെറ പുറത്ത് ദിവ്യശക്തികളാൽ പരിസേവിതനായി ഭഗവാൻ വിഷ്ണു ശയിക്കുന്നു. കൃഷ്ണനും അർജുനനും ഭഗവാനെ നമസ്കരിച്ചു. ഭഗവാൻ പറഞ്ഞു. “നിങ്ങളെ രണ്ടാളെയും കാണാൻ കാത്തിരിക്കുകയായിരുന്നു ഞാൻ. ഞാൻ ബ്രാഹ്മണൻെറ കുട്ടികളെ ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. നിങ്ങൾ മഹാത്മാക്കളായ നരനും നാരായണനുമത്രെ. നിങ്ങൾക്ക് നേടാൻ പ്രത്യേകിച്ചൊന്നുമില്ലെങ്കിലും നിങ്ങൾ സർവ്വജീവജാലങ്ങളുടെയും ക്ഷേമത്തിനായി ധർമ്മപാതയിൽ ചരിച്ചാലും.” കൃഷ്ണനും അർജുനനും അനന്തനായ ഭഗവാനെ വണങ്ങി പറഞ്ഞു. “ശരി”.

ബ്രാഹ്മണപുത്രൻമാരെ കൂടെക്കൂട്ടി അവർ ദ്വാരകയിലേക്ക് പോയി. ബ്രാഹ്മണന് പുത്രൻമാരെ തിരിച്ചു നൽകി.

*ബഹിരാകാശയാത്രയെ കുറിക്കുന്നു ഈ കഥ.*